ഉത്തരം

(എ) പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തികമാറ്റം വഴി ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിക്കുമ്പോൾ അവരുടെ മുൻകാല സേവനകാലം, ശമ്പളം/ഗ്രേഡ് എന്നിവ ജില്ലാ സഹകരണ ബാങ്കിൽ പരിഗണിക്കുകയില്ല.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) പെൻഷൻ ആനുകൂല്യങ്ങൾക്ക് നിലവിൽ പരിഗണിക്കപ്പെടുന്നുണ്ട്.

(ഡി & ഇ) ഹർജി പരിശോധിക്കാനായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ

88 (4079) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായ്പ നൽകുന്നതിനായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) നടപ്പുസാമ്പത്തികവർഷം കർഷകർക്ക്എത്ര കോടി രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക ഗ്രാമീണ പുരോഗതി ലക്ഷ്യമാക്കികൊണ്ട് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വിവിധ ഹ്രസ്വകാല, ദീർഘകാല വായ്പ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവ താഴെപ്പറയുന്നു :

കാർഷിക വായ്പ പദ്ധതികൾ

1. സാധാരണ വായ്പ
2. പദ്ധതി വായ്പ
3. ഹ്രസ്വകാല കാർഷിക വായ്പ
4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വായ്പ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാർഷികേതര വായ്പ പദ്ധതികൾ

1. വ്യവസായ വായ്പ
2. വിദ്യാഭ്യാസ വായ്പ
3. വാഹന വായ്പ
4. സ്വരോജ്ഗാർ ക്രെഡിറ്റ് കാർഡ് വായ്പ.

ഭവന വായ്പ

1. പുതിയ ഭവന നിർമ്മാണം
2. ഭവനം വാങ്ങുന്നതിന്
3. നിലവിലുള്ള ഭവനം അറ്റകുറ്റ പണികൾ നടത്തുന്നതിന്.

മറ്റ് വായ്പ പദ്ധതികൾ

1. സ്വർണ്ണപണയ വായ്പ
2. കൺസ്യൂമർ വായ്പ
3. ട്രേഡേഴ്സ് വായ്പ
4. സെക്കന്റ് ഹാന്റ് വാഹന വായ്പ
5. ക്യാഷ് ക്രെഡിറ്റ്
6. വിവാഹ സഹായ വായ്പ
7. റബ്ബർ സ്മോട്ടർ ടാപ്പിംഗ് നടത്തുന്നതിനുള്ള വായ്പ
8. പേഴ്സണൽ ലോൺ
9. പിൽഗ്രിമേജ് ലോൺ.

(ബി) നടപ്പു സാമ്പത്തിക വർഷം 2100.00 കോടി രൂപയാണ് വായ്പ നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കാർഷിക വായ്പ	-	340 കോടി രൂപ
കാർഷികേതര വായ്പ	-	310 കോടി രൂപ
ഭവന വായ്പ	-	1000 കോടി രൂപ
മറ്റ് ഹ്രസ്വകാല വായ്പകൾ	-	450 കോടി രൂപ

(സി) കാർഷികം, കാർഷികേതരം, ഭവന വായ്പ, മറ്റ് ഹ്രസ്വകാല വായ്പ എന്നീ മേഖലകളിലാണ് വായ്പ നൽകിവരുന്നത്.

(ഡി) 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ട് പ്രകാരം കാർഷിക-കാർഷികേതര വായ്പകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾക്ക് അനുസൃതമായാണ് കർഷകർക്കുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

കാർഷിക ഗ്രാമ വികസന ബാങ്കിന് വഴിവിട്ട സഹായം

89 (4080) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്ക് കേന്ദ്ര ബാങ്കിന് പതിമൂന്ന് കോടി രൂപയുടെ കുടിശ്ശിക അടയ്ക്കാൻ ഉണ്ടായിരുന്നോ; ഈ കുടിശ്ശിക അടച്ചുതീർത്തോ; എങ്ങനെയാണ് ഈ കുടിശ്ശിക അടച്ചുതീർത്തത് ;

(ബി) കുടിശ്ശിക അടയ്ക്കുവാനുള്ള ബാങ്കുകൾക്കെല്ലാം കേന്ദ്രബാങ്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കാറുണ്ടോ; ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാങ്കുകൾക്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ ;

(സി) നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപ നൽകി; അതിൽ എത്ര കോടി രൂപ കണക്കിൽ വരവ് വച്ച് കുടിശ്ശിക ഇല്ലാതാക്കി; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ വഴിവിട്ട സഹായം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്കിന് ചെയ്യാനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 30-4-2014-ലെ കണക്ക്പ്രകാരം കേന്ദ്ര ബാങ്കിന് 13.02 കോടി രൂപയുടെ കടശ്ശിക അടയ്ക്കാനുണ്ടായിരുന്നു. കുടിശ്ശിക തുക പുനഃക്രമീകരിച്ച് 32 പാദവാർഷിക ഗഡുക്കളായി അടച്ചുതീർക്കാൻ അനുവാദം നൽകുകവഴി കുടിശ്ശിക അടച്ചു തീർത്തിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര ബാങ്ക് നടപ്പിലാക്കിയ പദ്ധതി പ്രകാരം, അനുവദിച്ച വായ്പ തുക, അടച്ചുതീർക്കുന്നതിനായി നൽകിയ വായ്പ, 32 പാദവാർഷിക തവണകളിലായി അടച്ച് തീർക്കാൻ ധനസഹായം അനുവദിച്ചതിനെ തുടർന്നാണ് കുടിശ്ശിക അടച്ചു തീർത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly